# മധുരമായ കുട്ടികളേ- നിങ്ങൾ സർവ്വർക്കും സത്യമായ ഗീത കേൾപ്പിച്ച് സുഖം നല്കുന്ന സത്യസത്യമായ വ്യാസന്മാരാണ്, നിങ്ങൾ നല്ല രീതിയിൽ പഠിച്ച് സർവ്വരെയും പഠിപ്പിക്കണം, സുഖം നല്കണം.

**ചോദ്യം:**– ഏതൊരു ഉയർന്ന ലക്ഷ്യത്തിലെത്തുന്നതിനുള്ള പുരുഷാർത്ഥമാണ് നിങ്ങൾ ചെയ്യുന്നത്?
**ഉത്തരം:**– സ്വയത്തെ അശരീരിയാണെന്ന് മനസ്സിലാക്കണം, ഈ ദേഹാഭിമാനത്തിന്റെ മേൽ വിജയം നേടണം– ഇതാണ് ഉയർന്ന ലക്ഷ്യം. കാരണം ഏറ്റവും വലിയ ശത്രുവാണ് ദേഹാഭിമാനം. അന്ത്യത്തിൽ ബാബയുടേതല്ലാതെ മറ്റാരുടെയും ഓർമ്മ വരാതിരിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. ശരീരം ഉപേക്ഷിച്ച് ബാബയുടെ അടുക്കലേക്ക് പോകണം. ഈ ശരീരത്തിന്റെ പോലും ഓർമ്മ വരരുത്. ഈ പരിശ്രമം തന്നെ ചെയ്യണം.

**ഗീതം:**– ഈ പാപത്തിന്റെ ലോകത്തിൽ നിന്നും.....

**ഓം ശാന്തി**. ജീവാത്മാക്കൾ അഥവാ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ബാബ ഇപ്പോൾ നമ്മെ എങ്ങോട്ടാണ് കൊണ്ടു പോകുന്നതെന്ന്. എവിടെ നിന്നാണോ നമ്മൾ വന്നത് അവിടേക്ക് തന്നെ കൊണ്ടു പോകുന്നു. പിന്നീട് നമ്മളെ പുണ്യാത്മാക്കളുടെ സൃഷ്ടി, ജീവാത്മാക്കളുടെ ലോകത്തിലേക്ക് അയക്കും. ശ്രേഷ്ഠവും, ഭ്രഷ്ടവും എന്ന അക്ഷരമുണ്ട്, തീർച്ചയായും ജീവാത്മാക്കളെ തന്നെയാണ് പറയുന്നത്. ശരീരത്തിലുള്ളപ്പോഴാണ് സുഖവും ദുഃഖവും അനുഭവിക്കുന്നത്. കുട്ടികൾക്കറിയാം ഇപ്പോൾ ബാബ വന്നിരിക്കുന്നു. ബാബയുടെ പേര് സദാ ശിവൻ എന്നാണ്. നമ്മുടെ പേര് സാളിഗ്രാം എന്നും. ശിവ ക്ഷേത്രത്തിൽ സാളിഗ്രാമിനെയും പൂജിക്കുന്നു, ബാബ മനസ്സിലാക്കി തന്നിരുന്നു– ഒന്നുണ്ട് രുദ്രജ്ഞാന യജ്ഞം, രണ്ടാമത്തേത് രുദ്രയജ്ഞം. അതിൽ പ്രത്യേകിച്ച് ബനാറസിലെ ബ്രഹ്മാണരെ, പണ്ഡിതരെ രുദ്ര യജ്ഞത്തിന്റെ പൂജയ്ക്ക് വേണ്ടി വിളിക്കുന്നു. ബനാറസിൽ തന്നെ നിരവധി ശിവ ക്ഷേത്രങ്ങളുണ്ട്. ശിവകാശി എന്നു പറയുന്നു, യഥാർത്ഥ പേര് കാശി എന്നായിരുന്നു. പിന്നീട് ബ്രിട്ടിഷുകാരാണ് ബനാറസ് എന്ന പേര് വച്ചത്. ഇപ്പോൾ വാരണാസി എന്ന പേരാണ്. ഭക്തി മാർഗ്ഗത്തിൽ ആത്മാ പരമാത്മാവിന്റെ ജ്ഞാനം ഇല്ല. രണ്ടു പേരുടെയും പൂജ വേറെ വേറെ ചെയ്യുന്നു. ഒരു ശിവലിംഗം വലുതായി ഉണ്ടാക്കുന്നു, ബാക്കി ചെറിയ ചെറിയ സാളിഗ്രാം അനേകം ഉണ്ടാക്കുന്നു. നിങ്ങൾക്കറിയാം– നമ്മൾ ആത്മാക്കളുടെ പേര് സാളിഗ്രാം, ബാബയുടെ പേര് ശിവൻ എന്നും ആണ്. സാളിഗ്രാം എല്ലാം ഒരേ തരത്തിലാണ് ഉണ്ടാക്കുന്നത്, അപ്പോൾ അച്ഛനും മകനും തമ്മിലുള്ള സംബന്ധമാണ്. ആത്മാവ് ഓർമ്മിക്കുന്നു– ഹേ പരമപിതാ പരമാത്മാവേ... നമ്മൾ പരമാത്മാവല്ല.പരമാത്മാവ് നമ്മുടെ അച്ഛനാണ്, ഇത് മനസ്സിലാക്കി കൊടുക്കുന്നതിനുള്ള നിർദ്ദേശം നിങ്ങൾക്ക് നല്കിയിട്ടുണ്ട്. ദിനം പ്രതിദിനം നിങ്ങൾക്ക് ശ്രീമതം ലഭിക്കുന്നു– മറ്റുള്ളവർക്ക് ആദ്യം ബാബയുടെ പരിചയം നല്കി അവരെയും സമ്പത്ത് അധികാരിയാക്കണം. ആദ്യം നിങ്ങൾ തെളിയിച്ച് മനസ്സിലാക്കി കൊടുക്കണം– ബാബ നിരാകാരനാണ്, പ്രജാപിതാവ് സാകാരിയാണ് എന്ന്. സമ്പത്ത് ലഭിക്കുന്നത് നിരാകാരനിൽ നിന്നാണ്. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു– എന്റെ ഒരേയൊരു പേരാണ് ശിവൻ. വേറെ പേര് എനിക്കില്ല. സർവ്വ ആത്മാക്കളുടെയും ശരീരത്തിന്റെ പേരുകൾ അനേകമാണ്. എനിക്ക് ശരീരമില്ല. ഞാൻ പരമമായ ആത്മാവാണ്.

ബാബ ചോദിക്കുന്നു–കുട്ടികളേ, നിങ്ങളുടെ ഏറ്റവും വലിയ ശത്രുവാരാണ്? വിവേകമുള്ളവർ പറയും ദേഹാഭിമാനമാണ് ഏറ്റവും വലിയ ശത്രു, അതിലൂടെയാണ് കാമാഗ്നി ഉത്പന്നമാകുന്നത്. ദേഹാഭിമാനത്തെ ജയിക്കുന്നതിൽ വളരെ പ്രയാസമുണ്ട്. ദേഹിയഭിമാനിയാകുന്നതിൽ പരിശ്രമമുണ്ട്. ജന്മ ജന്മാന്തരം നിങ്ങൾ ദേഹത്തിന്റെ സംബന്ധത്തിൽ പോയി. ഇപ്പോൾ മനസ്സിലാക്കി ഞാൻ ആത്മാവ് അവിനാശിയാണ്, അതിന്റെ ആധാരത്തിലൂടെയാണ് ഈ ശരീരം പ്രവർത്തിക്കുന്നത്. ഈശ്വരവിശ്വാസമുള്ളവർ മനസ്സിലാക്കും ഞാൻ ആത്മാവാണ്, ശരീരമല്ല എന്ന്. ആത്മാവിന്റെ പേര് ഒന്ന് തന്നെയാണ്. ദേഹത്തിന്റെ പേരാണ് മാറുന്നത്. ആത്മാവ് ഒരു ശരീരം വിട്ട് മറ്റൊന്ന് എടുക്കുന്നു. നമ്മളോട് ബാബ പറയുന്നു– നിങ്ങൾക്ക് പോകേണ്ടത് പുണ്യാത്മാക്കളുടെ ലോകത്തിലാണ്. ഇത് പാപാത്മാക്കളുടെ ലോകമാണ്. രാവണൻ ഭ്രഷ്ടാചാരിയാക്കുന്നു. 10 തലയുള്ള മനുഷ്യൻ ഒന്നും ഉണ്ടായിരിക്കില്ല, എന്നാൽ ഈ കാര്യം ആരും മനസ്സിലാക്കുന്നില്ല. സർവ്വരും രാമലീലയിൽ പാർട്ട് ധരിച്ചു കൊണ്ടിരിക്കുന്നു. സർവ്വരും ഒരഭിപ്രായത്തിലല്ല. ചിലർ ഈ കാര്യങ്ങളെയെല്ലാം വെറും തോന്നലാണെന്ന് മനസ്സിലാക്കുന്നു. എന്നാൽ രാവണൻ എന്നു പറയുന്നത് ഭ്രഷ്ടാചാരിയെയാണ് എന്ന് മനസ്സിലാക്കുന്നില്ല. അന്യ സ്ത്രീയെ മോഷ്ടിക്കുക

എന്നത് ഭ്രഷ്ടാചാരമല്ലേ. ഈ സമയത്ത് സർവ്വരും ഭ്രഷ്ടാചാരികളാണ് കാരണം വികാരത്തിൽ പോകുന്നു. വികാരത്തിൽ പോകാത്തവരെയാണ് നിർവ്വികാരിയെന്നു പറയുന്നത്, അതാണ് രാമരാജ്യം. ഇതാണ് രാവണരാജ്യം. ഭാരതത്തിൽ തന്നെയായിരുന്നു രാമരാജ്യം ഉണ്ടായിരുന്നത്. ഭാരതം ഏറ്റവും പ്രാചീനമായിരുന്നു. ആദ്യം സൃഷ്ടിയിൽ ദേവീദേവൻമാരുടെ സുന്ദരമായ കൊടിയായിരുന്നു. ആ സമയത്ത് ചന്ദ്ര വംശികൾ പോലും ഉണ്ടായിരുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളുടേത് സൂര്യവംശി കൊടിയാണ്. നിങ്ങൾ ലക്ഷ്യത്തെ മനസ്സിലാക്കി, പിന്നെ മറന്നു പോകുന്നു. സ്ക്കൂളിൽ കുട്ടിക്ക് ഒരിക്കലും ലക്ഷ്യത്തെ മറക്കാൻ സാധിക്കില്ല. വിദ്യാർത്ഥിക്ക് ഒരിക്കലും ടീച്ചറേയോ പഠിത്തത്തേയോ മറക്കാൻ സാധിക്കില്ല. ഇവിടെ മറന്നു പോകുന്നു. എത്ര വലിയ പഠിത്തമാണ്, 21 ജന്മത്തേയ്ക്ക് രാജ്യഭാഗ്യം നേടുന്നു. ഇങ്ങനെയുള്ള സ്ക്കൂളിൽ ദിവസവും നന്നായി പഠിക്കണം. ഈ കല്പത്തിൽ തോറ്റുവെങ്കിൽ കല്പ കല്പം തോറ്റു പോകും. പിന്നീട് ഒരിക്കലും പാസാകാൻ സാധിക്കില്ല. അതിനാൽ എത്ര പുരുഷാർത്ഥം ചെയ്യണം. ശ്രീമതമനുസരിച്ച് നടക്കണം. ശ്രീമതമാണ്– നല്ല രീതിയിൽ ധാരണ ചെയ്യൂ, ചെയ്യിക്കൂ. ഈശ്വരീയ നിർദ്ദേശം അനുസരിച്ച് നടക്കുന്നില്ലായെങ്കിൽ ഉയർന്ന പദവി ലഭിക്കില്ല. തന്റെ ഹൃദയത്തോട് ചോദിക്കൂ– ഞാൻ ശ്രീമതമനുസരിച്ച് നടക്കുന്നുണ്ടോ. സ്വയത്തെ എല്ലാം അറിയുന്നവനാണെന്ന് മനസ്സിലാക്കരുത്. ഇപ്പോൾ സ്വയത്തോട് ചോദിക്കൂ– ബ്രഹ്മാവും സരസ്വതിയും ശ്രീമതമനുസിച്ച് നടക്കുന്നത് പോലെ ഞാനും നടക്കുന്നുണ്ടോ? പഠിച്ച് പഠിപ്പിക്കുന്നുണ്ടോ? കാരണം നിങ്ങൾ സത്യം സത്യമായ ഗീത കേൾപ്പിക്കുന്ന വ്യാസനാണ്. ഗീത എഴുതിയ വ്യാസനല്ല. നിങ്ങൾ ഈ സമയത്ത് സുഖദേവന്റെ മക്കൾ സുഖം നല്കുന്ന വ്യാസനാണ്. സുഖദേവനായ ശിവബാബയാണ് ഗീതയുടെ ഭഗവാൻ. നിങ്ങൾ ബാബയുടെ കുട്ടികൾ കഥ കേൾപ്പിക്കുന്ന വ്യാസനാണ്.

ഇത് സ്ക്കൂളാണ്, സ്ക്കൂളിൽ കുട്ടികളുടെ പഠിത്തത്തിലൂടെ അവരുടെ നമ്പർ അറിയാൻ സാധിക്കും. അത് പ്രത്യക്ഷമാണ്, ഇത് ഗുപ്തമാണ്. ഇത് ബുദ്ധി കൊണ്ട് മനസ്സിലാക്കണം– ഞാൻ എത്ര യോഗ്യനായി, മറ്റുള്ളവരെ പഠിപ്പിക്കാൻ യോഗ്യനായോ? കുട്ടികൾ എഴുതുന്നുണ്ട്– ബാബ ഇന്നവർ എനിക്ക് പറഞ്ഞു തന്നു, ഞാൻ അങ്ങയുടേതായി തീർന്നു. ചിലർക്ക് മുന്നിൽ വന്നാൽ പോലും ബാബയുടോതായി എന്ന് പറയാൻ സാധിക്കില്ല. ചില മാതാക്കൾ പവിത്രതയുടെ പേരിൽ അടി സഹിക്കുന്നു. ചിലർ കുട്ടിയായതിനു ശേഷം വിട്ടു പോകുന്നു, കാരണം നല്ല രീതിയിൽ പഠിക്കുന്നില്ല. ബാബ എത്ര നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു– കുട്ടികളേ എന്നെ ഓർമ്മിക്കൂ, പഠിക്കൂ എങ്കിൽ ഈ അറിവിലൂടെ നിങ്ങൾ ചക്രവർത്തി രാജാവായി തീരും. വീടിനു വെളിയിൽ ബോർഡ് വയ്ക്കൂ– ജനകനെ പോലെ ഒരു സെക്കന്റിൽ 21 ജന്മത്തേക്ക് ജീവൻമുക്തി ലഭിക്കും. ഒരു സെക്കന്റിൽ നിങ്ങൾക്ക് വിശ്വത്തിന്റെ അധികാരിയാകാൻ സാധിക്കും. ദേവതമാർ തന്നെയല്ലേ വിശ്വത്തിന്റെ അധികാരിയാകുന്നത്. അതും പുതിയ വിശ്വത്തിന്റെ, പുതിയ ഭാരതത്തിന്റെ. പുതിയതായിരുന്ന ഭാരതം ഇപ്പോൾ പഴയതായി. ഭാരതത്തെയല്ലാതെ ഒരു ദേശത്തെയും പുതിയത് എന്നു പറയില്ല. പുതിയതെന്നു പറയുകയാണെങ്കിൽ പിന്നെ പഴയതെന്നും പറയേണ്ടി വരും. നമ്മൾ ഫുൾ പുതിയ ഭാരത ദേശത്താണ് വരുന്നത്. ഭാരതം തന്നെയാണ് 16 കലാ സമ്പൂർണ്ണമാകുന്നത്. മറ്റൊരു ദേശവും പൂർണ്ണ ചന്ദ്രനെ പോലെയാകുന്നില്ല. ആരംഭം മുതലേ പകുതിയായിരിക്കും. എത്ര നല്ല നല്ല രഹസ്യങ്ങളാണ്. നമ്മുടെ ഭാരതത്തെ തന്നെയാണ് സത്യമായ ദേശം എന്നു പറയുന്നത്. സത്യത്തിന്റെ പിന്നാലെ അസത്യവുമുണ്ട്. ഭാരതം ആദ്യം പൂർണ്ണ ചന്ദ്രനെ പോലെയായിരുന്നു. പിന്നെയാണ് അന്ധകാരം ഉണ്ടാകുന്നത്. ആദ്യത്തെ കൊടി സ്വർഗ്ഗത്തിന്റേതാണ്. പാടാറുണ്ട്– സ്വർഗ്ഗമായിരുന്നു എന്ന്... നമുക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും കാരണം നമുക്ക് മുഴുവൻ അനുഭവവുമുണ്ട്. സത്യ ത്രേതായുഗത്തിൽ നാം എങ്ങനെ രാജ്യം ഭരിച്ചു, പിന്നീട് ദ്വാപര കലിയുഗത്തിൽ എന്തുണ്ടായി, ഇതെല്ലാം ബുദ്ധിയിൽ വരുമ്പോൾ എത്ര സന്തോഷം ഉണ്ടായിരിക്കണം. സത്യയുഗത്തെ പ്രകാശമെന്നും, കലിയുഗത്ത അന്ധകാരമെന്നും പറയുന്നു, അതിനാലാണ് പറയുന്നത് ജ്ഞാന അഞ്ജനം സത്ഗുരു നല്കി.... ബാബ എങ്ങനെ വന്ന് ആത്മാക്കളെ ഉണർത്തി. സമ്പന്നർ ആരും ഇവിടെ പിടിച്ച് നില്ക്കില്ല. ഈ സമയത്ത് ബാബ ദരിദ്രരുടെ പങ്കാളിയാണ്. ദരിദ്രർ തന്നെയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നത്, സമ്പന്നരല്ല. ഇതിനും ഗുപ്തമായ കാരണങ്ങളുണ്ട്. ഇവിടെ അർപ്പണമാകണം. ദരിദ്രർക്ക് അർപ്പണമാകാൻ അധികം സമയം വേണ്ട അതിനാലാണ് കുചേലന്റെ ഉദാഹരണം കാണിക്കുന്നത്. കുട്ടികളാകുന്ന നിങ്ങൾക്കിപ്പോൾ പ്രകാശം ലഭിച്ചു, എന്നാൽ നിങ്ങളിലും നമ്പർവൈസാണ് ആണ്. മറ്റെല്ലാവരുടെയും ജ്യോതി അണഞ്ഞിരിക്കുന്നു. ഇത്രയും ചെറിയ ആത്മാവിൽ അവിനാശി പാർട്ട് അടങ്ങിയിട്ടുണ്ട്. അതിശയമല്ലേ. ഇത് സയൻസിന്റെ ശക്തിയൊന്നും അല്ല. നിങ്ങൾക്കിപ്പോൾ ബാബയിൽ നിന്നും ശക്തി ലഭിക്കുന്നു, ഇത് അവിനാശി ചക്രമാണ്, കറങ്ങി കൊണ്ടേയിരിക്കുന്നു, ഇതിന് അന്ത്യമില്ല. പുതിയവർ ഇതെല്ലാം കേട്ടാൽ അതിശയപ്പെടും. ഇവിടെ 10–20 വർഷങ്ങളായവർക്ക് പോലും പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കുന്നില്ല, മനസ്സിലാക്കി കൊടുക്കാനും സാധിക്കുന്നില്ല. നിങ്ങൾക്ക് അവസാനം എല്ലാം അറിയാൻ സാധിക്കും– ഇന്ന ഇന്നവരുടെ

യടുത്ത് ജന്മമെടുത്തു, ഇങ്ങനെ നടക്കും.... മഹാവീരരായ കുട്ടികൾക്ക് അവസാനം എല്ലാം സാക്ഷാത്ക്കാരം ഉണ്ടാകും. അന്ത്യത്തിൽ നിങ്ങൾക്ക് സത്യയുഗത്തിന്റെ വൃക്ഷം വളരെ സമീപത്തായി കാണപ്പെടും. മഹാവീരരുടെ തന്നെയല്ലേ മാല. ആദ്യം 8 മഹാവീരർ, പിന്നെ 108 മഹാവീരർ. അവസാനം വളരെ ഫസ്റ്റ്ക്ളാസ് സാക്ഷാത്ക്കാരം ഉണ്ടാകും. പാടാറുണ്ട്– പരമാത്മാവ് അമ്പ് എയ്തു. നാടകത്തിൽ വളരെ കാര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വാസ്തവത്തിൽ സ്ഥൂലമായ അമ്പിന്റെ കാര്യമല്ല ഇത്. കന്യകമാർക്കും അമ്മമാർക്കും അമ്പിനെകുറിച്ച് അറിയില്ല. വാസ്തവത്തിൽ ഇത് ജ്ഞാനമാകുന്ന അമ്പാണ്, ഇവർക്ക് ജ്ഞാനം നല്കുന്നത് പരമപിതാ പരമാത്മാവാണ്. എത്ര വിചിത്രമായ കാര്യങ്ങളാണ്. എന്നാൽ കുട്ടികൾ ഒരേയൊരു മുഖ്യമായ കാര്യം അടിക്കടി മറന്നു പോകുന്നു. ഏറ്റവും കടുത്ത തെറ്റാണ് ദേഹാഭിമാനത്തിൽ വന്ന് സ്വയത്തെ ആത്മാവാണെന്ന് നിശ്ചയം ചെയ്യാതിരിക്കുക. സത്യം ആരും കേൾപ്പിക്കുന്നില്ല. സത്യമായത് അര മണിക്കൂർ, ഒരു മണിക്കൂർ പോലും വളരെ പ്രയാസപ്പെട്ടാണ് ഓർക്കുന്നത്. ചിലർക്ക് യോഗം എന്നു പറഞ്ഞാൽ എന്താണെന്ന് പോലും അറിയില്ല. ലക്ഷ്യവും വളരെ ഉയർന്നതാണ്. സ്വയത്തെ അശരീരിയാണെന്ന് മനസ്സിലാക്കുക, സാധിക്കുന്ന അത്രയും പുരുഷാർത്ഥം ചെയ്യുക, അവസാന സമയം ആരുടെയും ഓർമ്മ വരരുത്. ചില നല്ല തത്വജ്ഞാനികൾ, ചിലർ ബ്രഹ്മജ്ഞാനികളുണ്ട്– ഗദ്ദിയിൽ ഇരുന്ന് മനസ്സിലാക്കുന്നുണ്ട്, ഞാൻ തത്വത്തിൽ ലയിച്ചു ചേരും എന്ന്. ശരീരത്തിന്റെ ബോധം ഉണ്ടാകുന്നില്ല. അവർ ശരീരം വെടിയുമ്പോൾ ചുറ്റിനും ശാന്തിയായിരിക്കും. ഏതോ മഹാൻ ആത്മാവ് ശരീരം വിട്ടുവെന്ന് മനസ്സിലാക്കുന്നു.

കുട്ടികളാകുന്ന നിങ്ങൾ ഓർമ്മയിലിരിക്കുമ്പോൾ എത്ര ശാന്തി വ്യാപിപ്പിക്കുന്നു. നിങ്ങളുടെ കുലത്തിൽ ഉള്ളവർക്കേ ഈ അനുഭവം ഉണ്ടാകുകയുള്ളു. ബാക്കിയെല്ലാവരും കൊതുകിൻ കൂട്ടത്തെ പോലെ മരിക്കും. നിങ്ങൾക്ക് അശരീരിയാകുന്നതിനുള്ള അഭ്യാസം വരുന്നു. ഈ അഭ്യാസം നിങ്ങൾ ഇവിടെ തന്നെയാണ് ചെയ്യുന്നത്. അവിടെ സത്യയുഗത്തിൽ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊരു ശരീരം ധരിക്കുന്നു. ഇവിടെ നിങ്ങൾക്കറിയാം ഈ ശരീരം വിട്ട് ബാബയുടെ അടുത്തേയ്ക്ക് പോകണം. എന്നാൽ അവസാനം ആരുടെയും ഓർമ്മ വരരുത്. ശരീരം പോലും ഓർമ്മ ഇല്ലാതെയായാൽ പിന്നെയെന്തുണ്ട്. ഇതിലാണ് പരിശ്രമമുള്ളത്. പരിശ്രമിച്ച് പരിശ്രമിച്ച് അവസാനം പാസാകും. പുരുഷാർത്ഥം ചെയ്യുന്നവർക്ക് അറിയാൻ സാധിക്കില്ലേ, അവർ ഷോ ചെയ്യാൻ തുടങ്ങും. ബന്ധനമുള്ളവർ അങ്ങനെയുള്ള കത്താണ് എഴുതുന്നത്, അത് ബന്ധനമില്ലാത്തവർക്ക് പോലും എഴുതാൻ സാധിക്കില്ല. അവർക്ക് സമയമേയില്ല. ബന്ധനമുള്ളവർ മനസ്സിലാക്കുന്നു– ശിവബാബ ഈ ശരീരം ലോണായി എടുത്തിരിക്കുന്നു, അതിനാൽ ശിവബാബയുടെ കത്ത് തീർച്ചയായും വരും. ഇങ്ങനെയുള്ള കത്ത് ഇനി 5000 വർഷങ്ങൾക്ക് ശേഷമേ വരുകയുള്ളു. അപ്പോൾ എന്തു കൊണ്ട് ഞാൻ ബാബയ്ക്ക് കത്തെഴുതില്ല? നയനങ്ങളിലെ കൺമഷി കൊണ്ട് പോലും എഴുതുന്നുണ്ട്. അങ്ങനെയുള്ള ചിന്തകൾ വരുന്നു. എഴുതുന്നു– ബാബ ഞാൻ കഴിഞ്ഞ കല്പത്തിലെ അതേ ഗോപികയാണ്. ഞാൻ അങ്ങയെ തീർച്ചയായും കാണും, സമ്പത്തും എടുക്കും. യോഗബലമുള്ളവർ സ്വയത്തെ ബന്ധനത്തിൽ നിന്നും വിടുവിച്ച് കൊണ്ടിരിക്കും. ആരിലും മോഹവും പാടില്ല. സാമർത്ഥ്യത്തോടെ മനസ്സിലാക്കി കൊടുക്കണം. സ്വയത്തെ സംരക്ഷിക്കണം, വേറിട്ട് നില്ക്കാൻ വളരെ പരിശ്രമിക്കണം. പതിയെയും കൂടി കൊണ്ടു വരണം എന്ന് മാതാക്കൾ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ കടമയാണ് അവർക്ക് മനസ്സിലാക്കി കൊടുക്കുക. പവിത്രത വളരെ നല്ലതാണ്. ബാബ സ്വയം പറയുന്നു കാമം മഹാശത്രുവാണ്, ഇതിനെ ജയിക്കൂ. എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കാം. പതിയെ മനസ്സിലാക്കി കൊടുത്ത് കൊണ്ടുവരുന്ന കുട്ടികളുമുണ്ട്. ബന്ധനമുള്ളവർക്കും പാർട്ടുണ്ട്. അബലകളുടെ മേൽ അത്യാചാരം നടക്കുന്നുണ്ട്. ഇത് ശാസ്ത്രങ്ങളിലും പറയുന്നു– കാമേഷു, ക്രോധേഷു... ഇത് പുതിയ കാര്യമല്ല. നിങ്ങൾക്ക് 21 ജന്മത്തേക്കുള്ള സമ്പത്ത് ലഭിക്കുന്നു, അതിനാൽ കുറച്ചൊക്കെ സഹിക്കേണ്ടി വരുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) യോഗബലത്തിലൂടെ തന്റെ സർവ്വ ബന്ധനങ്ങളെയും ഇല്ലാതാക്കി ബന്ധനമുക്തമാകണം, ആരിലും മോഹം വയ്ക്കരുത്.

2) ലഭിക്കുന്ന ഈശ്വരീയ നിർദ്ദേശങ്ങളനുസരിച്ച് പൂർണ്ണമായും നടക്കണം. നല്ല രീതിയിൽ പഠിക്കണം, പഠിപ്പിക്കണം. എല്ലാം അറിയാം എന്ന ബോധം പാടില്ല.

## വരദാനം:- ബാബയുടെ സ്നേഹത്തിന്റെ പാലനയിലൂടെ സഹജയോഗീ ജീവിതമുണ്ടാക്കുന്ന സ്മൃതി-സമർത്ഥീ സ്വരൂപരായി ഭവിക്കൂ

മുഴുവൻ വിശ്വത്തിലെയും ആത്മാക്കൾ പരമാത്മാവിനെ പിതാവെന്ന് പറയുന്നു എന്നാൽ പാലനയും പഠനത്തിനും പാത്രമാകുന്നില്ല. മുഴുവൻ കൽപത്തിലും താങ്കൾ കുറച്ച് ആത്മാക്കൾ ഈ സമയം മാത്രമാണ് ഈ ഭാഗ്യത്തിന് പാത്രമാകുന്നത്. അതുകൊണ്ട് ഈ പാലനയുടെ പ്രത്യക്ഷ സ്വരൂപമാണ് - സഹജയോഗീ ജീവിതം. അച്ഛന് കുട്ടികളുടെ ഒരു ബുദ്ധിമുട്ടും കാണാൻ സാധിക്കില്ല. കുട്ടികൾ സ്വയം തന്നെ ചിന്തിച്ച്-ചിന്തിച്ച് ബുദ്ധിമുട്ടുള്ളതാക്കി മാറ്റുന്നു. എന്നാൽ സ്മൃതി സ്വരൂപത്തിന്റെ സംസ്ക്കാരങ്ങളെ ഇമർജ് ചെയ്യൂ എങ്കിൽ സമർത്ഥത വരും.

## സ്ലോഗൻ:- സദാ നിശ്ചിന്തസ്ഥിതിയുടെ അനുഭവം ചെയ്യണമെങ്കിൽ ആത്മ-ചിന്തനവും പരമാത്മാ-ചിന്തനവും ചെയ്യൂ.